**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5527** **05-07-2024 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ മൃഗപരിപാലന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയ കുഞ്ഞു കൈകളിൽ കോഴി കുഞ്ഞ് എന്ന പദ്ധതി ഈ അധ്യയന വർഷത്തിൽ മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ; | (എ) | **കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ) നടപ്പിലാക്കുന്ന കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞു പദ്ധതി കയ്പമംഗലം നിയോജക മണ്ഡലത്തിൽ മുൻ അദ്ധ്യായന വർഷങ്ങളിൽ നടപ്പിലാക്കിയിട്ടില്ലാത്ത തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാലയങ്ങളിൽ ഈ അദ്ധ്യായന വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.** |
| (ബി) | മണ്ണുത്തി കാർഷിക സർവകലാശാലയിൽ നിന്നും കോഴി വളർത്തൽ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് എങ്ങനെ ലാഭകരമായി കോഴി വളർത്താം എന്ന പരിശീലന പരിപാടി കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താമോ; | (ബി) | **പ്രസ്തുത പദ്ധതിയുടെ ഘടകങ്ങളിൽ പരിശീലന പരിപാടി ഉൾക്കൊള്ളിച്ചിട്ടില്ല. എന്നാൽ അത്യാവശ്യമായി വരുന്ന ഘട്ടങ്ങളിൽ പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിലെ വെറ്ററിനറി സർജന്മാരുടെ സഹായത്തോടെ കോഴി വളർത്തൽ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് കൊണ്ട് പരിശീലന പരിപാടി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.** |
| (സി) | തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ വിദ്യാർത്ഥികൾക്ക് ആടിനെ നൽകൽ പദ്ധതി ഈ വർഷവും മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | **മൃഗസംരക്ഷണ വകുപ്പിൽ ടി പദ്ധതി നടപ്പാക്കുന്നില്ല** |

സെക്ഷൻ ഓഫീസർ